പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2970 07.11.2019- ൽ മറുപടിക്ക്

## ദേശീയപാത 85-ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ: | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തിരുവാങ്കുളം മറ്റകുഴി മുതൽ തൃപ്പൂണിത്തുറ മിനി ബൈപാസ് ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) | മധുര-കൊച്ചി ദേശീയപാത 85-ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിനായി ആദ്യഘട്ടം മറ്റക്കുഴി തിരുവാങ്കുളം റെയിൽവേ ലൈൻ വരെയുള്ള ഭാഗത്തെ 16.172 ഹെക്ടർ സ്ഥലം ആവശ്യമുള്ളതിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടം തിരുവാങ്കുളം റെയിൽവേ ലൈൻ മുതൽ തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| (ബി) | മറ്റകുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ച് സ്ഥലം ഉടമകൾക്ക് പണം നൽകിയിട്ടുണ്ടോ; | (ബി) & (സി) | മറ്റക്കുഴി മുതൽ തിരുവാങ്കുളം റെയിൽവേ ലൈൻ വരെയുള്ളതിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ നടപടികൾ പൂർത്തീകരിച്ച് ഉടമകൾക്ക് പണം നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ നിലവിലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരം സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ബൈപാസ് നിർമാണത്തിനാവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടുണ്ടോ; | (ഡി) | ഇല്ല |

| | | | |
|---|---|---|---|
| (ഇ) | ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാത്ത പദ്ധതികൾ റദ്ദാക്കുന്നത് ദേശീയപാത അതോറിറ്റിയുടെ പരിഗണനയിലുണ്ടോ; | (ഇ) & (എഫ്) | ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കാത്ത പദ്ധതികൾ റദ്ദാക്കാറില്ല എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയം/നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതികൾ നടപ്പിലാക്കും. കൊച്ചി-മധുര ദേശീയപാത 85-ൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ DPR തയ്യാറാക്കി വരുന്ന സ്ട്രെച്ചിന്റെ അലൈൻമെന്റ് പ്രൊപ്പോസലിൽ തൃപ്പൂണിത്തുറ ബൈപ്പാസ് ഉൾപ്പെട്ടിട്ടില്ല. |
| (എഫ്) | ഭൂമി ഏറ്റെടുക്കൽ പദ്ധതി തുടരേണ്ടതില്ലെന്ന നാഷണൽ ഹൈവേ അതോറിറ്റിയുടെ തീരുമാനം തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണ പദ്ധതിയെ ബാധിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ